പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം-1153 21.03.2013 ൽ മറുപടിയ്ക്ക്.

# കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സ്ഥലം എൻ.സി.സിയ്ക്ക് കൈമാറിയ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(ഉന്നത വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സ്ഥലം എൻ.സി.സിയ്ക്ക് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. എട്ട് ഏക്കർ സ്ഥലം |
| (ബി) | ഇതിന്റെ പാട്ടവും കാലാവധിയുടെയും വിശദാംശം അറിയിക്കുമോ; | (ബി) | പാട്ടകാലാവധി 50 വർഷം പ്രതിവർഷ പാട്ടം ആറായിരം രൂപ |
| (സി) | ആയതിന് സർക്കാർ മുൻകൂർ അനുമതി നൽകിയിട്ടുണ്ടോ;ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ . | (സി) | ഇല്ല |
| (ഡി) | ബഹു. കേരള ഗവർണർക്ക് എൻ.സി.സി.യ്ക്ക് വേണ്ടി കരാറിൽ ഏർപ്പെടുവാൻ സർക്കാർ ശുപാർശ ചെയ്തിട്ടുണ്ടോ.. ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ; | (ഡി) | ഇല്ല |
| (ഇ) | എൻ.സി.സിയ്ക്ക് ഇപ്പോൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലോ അതിനു കീഴിലുള്ള കോളേജുകളിലോ പാഠ്യപദ്ധതിയുടെയോ മറ്റോ ഭാഗമായി യൂണിറ്റുകൾ ഉണ്ടോ ; | (ഇ) & എഫ് | കാലിക്കറ്റ് സർവ്വകലാശാലകളുടെ കീഴിലുള്ള കോളേജുകളിൽ എൻ സി. സി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (എഫ്) | ഉണ്ടെങ്കിൽ എവിടെയൊക്കെ; ഇല്ലെങ്കിൽ എന്നുമുതൽക്കാണ് കോളേജുകളിൽ നിന്ന് എൻ.സി.സി യൂണിറ്റുകൾ ഒഴിവാക്കപ്പെട്ടത് ; വ്യക്തമാക്കുമോ; | | |
| (ജി) | എൻ.സി.സിയ്ക്ക് നൽകിയിരിക്കുന്ന സ്ഥലത്തിന് മര്യാദപാട്ടം നിശ്ചയിക്കുന്നതിന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ : ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (ജി) | ഇല്ല |
| (എച്ച്) | തുച്ഛമായ പാട്ടത്തിന് നൽകിയിരിക്കുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (എച്ച്) | ഇതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ